# "കൊക്കകോളയ്ക്കെതിരെ ഞങ്ങൾ കർഷകരും രംഗത്ത്": എസ്. വിജയകുമാർ

**മീഡിയാമേറ്റ്**

***എത്രനാളായി പ്രവർത്തനം തുടങ്ങിയിട്ട്?***

ഒരുവർഷം തികയാൻ പോകുന്നു.

***അംഗസംഖ്യ?***

നാനൂറ്റിയമ്പതിന് അടുത്ത്.

***കർഷകസംരക്ഷണസമിതി രൂപീകരിക്കാനിടയായ സാഹചര്യം എന്തായിരുന്നു?***

കർഷകർ പൊതുവെ ഒരു വിഭാഗമെന്ന നിലയിൽ പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ടായിരുന്നു. ഉല്പന്നങ്ങൾക്ക് വില കിട്ടാനുള്ള ബുദ്ധിമുട്ട്, വരൾച്ച, ഗവൺമെന്റിൽനിന്ന് കൃഷിഭവൻ വഴി മറ്റും ആനുകൂല്യങ്ങൾ ലഭിക്കുന്നതിലെ അപര്യാപ്തതകളൊക്കെ. പിന്നെ ഇതിനൊക്കെ രാഷ്ട്രീയ പാർട്ടികളുടെ പുറകെ നടന്നതുകൊണ്ട് വേണ്ടത്ര കാര്യമില്ലെന്ന് പലർക്കും തോന്നിത്തുടങ്ങുകയും ചെയ്തു. കൊക്കകോള കമ്പനി വന്നതിനുശേഷം പ്രശ്നങ്ങൾ കൂടുതലാകുകയും ചെയ്തു.

***കൊക്കകോള കമ്പനി കൊണ്ട് കർഷകർക്കുള്ള ബുദ്ധിമുട്ടുകളൊക്കെയെന്താണ്?***

കൃഷിക്കുള്ള വെള്ളത്തിന്റെ കുറവ്, കുടിവെള്ളം പോലും മലിനീകരിക്കപ്പെട്ടത്, കന്നുകാലികൾക്ക് ചെന പിടിക്കാതെ പോകുന്നത്, വയലിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കാലിൽ ചൊറിച്ചിൽ, കാർഷികോല്പന്നാദനത്തിൽ കുറവ്. വിളകൾക്ക് രോഗങ്ങൾ വർദ്ധിക്കുന്നു, ഇതൊക്കെ കമ്പനി വന്നതിനുശേഷം കർഷകർക്ക് അനുഭവപ്പെട്ടു.

പല കർഷക കുടുംബാംഗങ്ങളും എഴുപത് വർഷത്തോളമായി ഇവിടെ താമസമുള്ളവരാണ് അന്നൊന്നുമില്ലാതെയിരുന്ന പ്രശ്നങ്ങൾ കമ്പനി ഉണ്ടായി തുടങ്ങിയതുകൊണ്ടാണ് കമ്പനിയാണ് ഇതിന് ഇടയാക്കിയത് എന്ന് പറയാനിട വന്നത്.

കർഷക സമിതി രൂപീകരിച്ചശേഷം ഈയിടെ മുപ്പതോളം പേർ ചിറ്റൂർ എം.എൽ.എ. കെ. അച്യുതന്റെയടുത്തു പോയി. അദ്ദേഹം പറഞ്ഞത് ഇപ്പോൾ മഴയ്ക്കുശേഷം പ്ലാച്ചിമടയിൽ ധാരാളം വെള്ളമുണ്ടല്ലോ എന്നാണ്. ഞങ്ങൾ പറഞ്ഞു: സ്വന്തം കിണറും കുഴൽക്കിണറുമുള്ളവർ പോലും കുടിക്കാൻ ഇപ്പോഴും ലോറി വെള്ളം വാങ്ങിയാണ് കഴിയുന്നത്. പ്ലാച്ചിമടയിലെ കിണറുകളിൽ ധാരാളം വെള്ളം ഉണ്ടെങ്കിൽ അത് സൗജന്യമായി ലോറിയിൽ അടിച്ചെടുത്ത് വിതരണം ചെയ്തുകൊള്ളൂവെന്ന് പറഞ്ഞു. ഇതിന് എം.എൽ.എ. മറുപടി പറഞ്ഞില്ല.

***കർഷക സംരക്ഷണ സമതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു ഇതുവരെ?***

ചിറ്റൂർ താലൂക്കിലെ കർഷകർക്കുള്ള പ്രശ്നങ്ങൾ പരിഹരിക്കുക എന്നതിന് സമതിയുടെ പൊതുവായ ഉദ്ദേശ്യം. കൊക്കകോള കാര്യത്തിൽ കർഷകർക്കുള്ള പ്രശ്നങ്ങൾ മുഖ്യമന്ത്രിക്കും കൃഷിമന്ത്രിക്കും കളക്ടർക്കും ഒക്കെ പരാതിയായി അയച്ചിട്ടുണ്ട്. പരിഗണനയിലാണ് എന്നതല്ലാതെ മറ്റ് പ്രത്യേക മറുപടികളൊന്നും ഇതുവരെ കിട്ടിയിട്ടില്ല.

പഞ്ചായത്തിന്റെ കേസ് നടക്കുന്നതുകൊണ്ട് അതിൽ കർഷകരുടെ പ്രശ്നം ഉൾപ്പെട്ടിട്ടുണ്ട് എന്ന വിശ്വാസത്തിലാണ്, എത്രത്തോളം എന്ന് അറിയില്ല എങ്കിലും. പഞ്ചായത്തിന്റെ കേസിൽ വിധി അനുകൂലമായില്ലെങ്കിൽ പുതുതായി കോടതിയെ സമീപിക്കാൻ കർഷക സംരക്ഷണസമിതി രേഖകൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. കോള കമ്പനിയുടെ തൊട്ടടുത്തുള്ള നടരാജന്റെ കിണറിലെ വെള്ളം സമിതി തന്നെ രാസപരിശോധനക്ക് അയച്ച് റിപ്പോർട്ട് കിട്ടിയിട്ടുണ്ട്.

സമരസിതി ഇവിടത്തെ കൃഷിനാശം ടെസ്റ്റ് ചെയ്യിക്കാനുദ്ദേശിക്കുന്നുണ്ട്. തെങ്ങിന്റെ മച്ചിങ്ങ കൊഴിച്ചിലുള്ള കാരണം പരിശോധിക്കണമെന്നുണ്ട്. മണ്ണ് ടെസ്റ്റ് ചെയ്യാനും കന്നകാലികളെ പരിശോധിപ്പിച്ച് റിപ്പോർട്ട് ഉണ്ടാക്കാനും ശ്രമിക്കുന്നുണ്ട്.

കമ്പനി മേലാൽ പ്രവർത്തിക്കാതിരിക്കാൻ ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും എന്നാണ് കർഷകസമിതി വിചാരിക്കുന്നത്.

കൊക്കകോള പ്രശ്നത്തിൽ കർഷകർ വൈകി നിലപാട് എടുക്കാൻ കാരണം കമ്പനി മൂലമുള്ള മലനീകരണത്തിന്റെ പ്രശ്നം കർഷകർക്ക് അനുഭവപ്പെട്ടത് വൈകിയിട്ടാണ് എന്നതുകൊണ്ടാകാം. ഇക്കഴിഞ്ഞ മഴക്കാലത്ത് ജലമലിനീകരണം കൂടുതൽ ദൂരങ്ങളിലേക്ക് വ്യാപിച്ചതായി കർഷകർക്ക് അനുഭവപ്പെട്ടു. ദൂരെയുള്ള കിണറുകളിലും കുടിവെള്ളത്തിന് രുചിവ്യത്യാസം അനുഭവപ്പെട്ടുകണ്ടു.

ഇപ്പോഴത്തെ സ്ഥിതിയിൽ നിന്ന് മുതലെടുപ്പ് നടത്താനൊന്നും കർഷകരക്ഷാസമിതി ആഗ്രഹിക്കുന്നില്ല. വെള്ളം പുറമെ നിന്ന് കൊണ്ടുവന്ന് കമ്പനി നടത്തിക്കോട്ടെ എന്നാണ് സമതിയുടെ അഭിപ്രായം.

കമ്പനിക്കെതിരെ സമരപരിപാടികൾ ഒന്നും കർഷകരക്ഷാസമിതി ആലോചിക്കുന്നില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വലിയൊരു സമരത്തിനു പോലും കമ്പനിയെക്കൊണ്ട് ഒരു ചെയ്യിക്കാനാകുന്നില്ലോ.

***പ്ലാച്ചിമടയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കോള വിരുദ്ധ സമരത്തോട് കർഷകരക്ഷാസമിതിയുടെ നിലപാട് എന്താണ്?***

സമരത്തെക്കുറിച്ച് നല്ലതു തന്നെയെന്നാണ് അഭിപ്രായം. ഇപ്പോഴത്തെ സമരത്തിൽ ഒരുപാട് സംഘടനകൾ ഉണ്ട്. വ്യത്യസ്ത വീക്ഷണങ്ങൾ ഇവർ.

കർഷകർക്ക് പലിശയടക്കാൻ തന്നെ കഴിവില്ലാതെയിരിക്കുന്നതുകൊണ്ട് സമരത്തിന് പരിമിതമായ സഹായങ്ങളേ ചെയ്യാൻ കഴിയുന്നുള്ളൂ. കേസിന് പോകണമെങ്കിൽ ഭൂമി പണയം വെച്ച് തന്നെ പോകേണ്ടി വരുമെന്ന സ്ഥിതിയിലാണ് കർഷകർ.

***ഈയിടെ കിണറുകളിലെ ജലപരിശോധനക്ക് വന്ന ഉദ്യോഗസ്ഥന്മാരെ തടഞ്ഞുവെന്ന് വാർത്ത കണ്ടല്ലോ?***

പലരും കിണറുകളിൽ നിന്ന് പരിശോധിക്കാനുണ്ടെന്ന് പറഞ്ഞ് വീട്ടിൽ ആരുമില്ലാത്തപ്പോഴും വെള്ളം എടുത്തുകൊണ്ടുപോകുന്നുണ്ട്. ഉദ്യോഗസ്ഥന്മാർ കോള കമ്പനിയ്ക്കകത്തുകയറാൻ രേഖകളുമൊക്കെ കാണിച്ച് അനുമതി വാങ്ങിയാണ് ചെയ്യുന്നത്. നാട്ടുകാരുടെ കാര്യത്തിൽ ഇത്തരം മര്യാദകളൊന്നും കാണിക്കുന്നില്ല. അതുകൊണ്ടാണ് ഉദ്യോഗസ്ഥന്മാരെ തടഞ്ഞത്. അടുത്തയാഴ്ച വരുമ്പോൾ രേഖകളുമായി. വരാമെന്ന് അവർ പറഞ്ഞിട്ടുണ്ട്. അതോടൊപ്പം വീടുകളിൽ നിന്ന് ജലപരിശോധന നടത്തുമ്പോൾ വീട്ടുടമസ്ഥർക്കും പരിശോധന ഫലങ്ങളുടെ കോപ്പി കൊടുക്കണമെന്നും ഉദ്യോഗസ്ഥന്മാരോട് പറഞ്ഞിട്ടുണ്ട്.

*സമരപന്തലിൽ നിന്ന്*

*12-1-2005*

*സെക്രട്ടറി,*

*പ്ലാച്ചിമട കർഷക സംരക്ഷണ സമിതി*